പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 823 — 9/8/2017 ൽ മറുപടിക്ക്

## ഗോസമൃദ്ധി ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഗോ സമൃദ്ധി എന്ന പേരിൽ കന്നുകാലി ഇൻഷ്വറൻസ് നടപ്പാക്കുന്നുണ്ടോ; വിശദവിവരം നൽകുമോ; | എ) | ഉണ്ട്.<br>കന്നുകാലികളുടെ മരണം മൂലവും ഉത്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് ഗോസമൃദ്ധി. സംസ്ഥാന ബഡ്ജറ്റിൽ പുതിയ പദ്ധതി പ്രഖ്യാപിച്ചതുവഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്തുവാൻ കഴിയും എന്നതാണ് പ്രത്യേകത. ഗോസമൃദ്ധി പദ്ധതിയ്ക്ക് 2017-18 സാമ്പത്തിക വർഷം 5 കോടിരൂപ നീക്കി വച്ചിരിക്കുന്നു. ടി പദ്ധതി പ്രകാരം 60,000 ഉരുക്കളെ ഇൻഷ്വർ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.<br>ഇതിനുപുറമെ ഇൻഷ്വറൻസ് പരിരക്ഷ, മറ്റ് മാർഗ്ഗങ്ങളിൽ നിന്നുള്ള നഷ്ടപരിഹാരം എന്നിവ ലഭിക്കാത്ത കർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| ബി) | കന്നുകാലി വിലയുടെ എത്ര ശതമാനമാണ് ഇൻഷ്വറൻസ് പ്രീമിയം നിരക്കായി നിശ്ചയിച്ചിട്ടുള്ളത്; | ബി) | കന്നുകാലി വിലയുടെ 3% പ്രതിവർഷ ഇൻഷ്വറൻസ് പ്രീമിയം നിരക്കായി നിശ്ചയിച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പ്രീമിയത്തിന്റെ എത്ര ശതമാനമാണ് ഗുണഭോക്താവ് അടക്കാനുള്ളതെന്ന് വ്യക്തമാക്കുമോ? | സി) | ജനറൽ കാറ്റഗറിയിൽപ്പെട്ട ഗുണഭോക്താക്കൾ പ്രീമിയം തുകയുടെ 50%വും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ പ്രീമിയം തുകയുടെ 30%വും വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ ഇൻഷ്വറൻസ് പദ്ധതി വാർഷിക പദ്ധതിയിലുൾപ്പെടുത്തുകയാണെങ്കിൽ ജനറൽ കാറ്റഗറിയിൽപ്പെട്ട ഗുണഭോക്താക്കൾ പ്രീമിയം തുകയുടെ 25%വും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ പ്രീമിയം തുകയുടെ 15% വഹിച്ചാൽ മതിയാകും. ബാക്കിതുക പഞ്ചായത്തുകൾ വഹിക്കും (യഥാക്രമം 25% വും 15% വും) |

സെക്ഷൻ ഓഫീസർ